(ബി) അതിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണ്;

(സി) അതു് എന്താണു് ഇക്കൊല്ലം കെട്ടി മേയാഞ്ഞതു്;

(ഡി) അതു് പി. സി. ആർ. കഴിച്ചു സൂക്ഷിക്കേണ്ട ചുമതല ഏതു് ഉദ്യോഗസ്ഥനാണു്;

(ഇ) ഗവണ്മെണ്ടു് അദ്ദേഹവുമായി ഇതിനെപ്പറ്റി വല്ല ആലോചനയും നടത്തിയിട്ടുണ്ടോ?

(എഫ്) ഉണ്ടെങ്കിൽ അതിന്റെ ഫലമെന്താണു്?

റാവു ബഹദൂർ ടി. കെ. നായർ: (എ) ൨,൨൦൦ കഴിയോളം ചിലവായിട്ടുണ്ടു്.

(ബി) അതു് ഇപ്പോൾ ഗേൾസ് സ്കൂൾ ആവശ്യത്തിന്നായി ഉപയോഗിച്ചുവരുന്നു.

(സി) അതു് ഇക്കൊല്ലം കെട്ടിമേഞ്ഞിട്ടുണ്ടു്.

(ഡി) ഇപ്പോൾ വിദ്യാഭ്യാസ ഡിപ്പാർട്ടുമെണ്ടുകാർക്കാണു്.

(ഇ) ൧-ാമത്തെ ചോദ്യത്തിന്നുള്ള മറുപടികൊണ്ടു് ഉത്തരം ആവശ്യമില്ല.

(എഫ്) ൧-ാമത്തെ ചോദ്യത്തിന്നുള്ള മറുപടികൊണ്ടു് ഉത്തരം ആവശ്യമില്ല.

HOSPITAL AT CHERPU—STARTING OF

132. മിസ്റ്റർ വി. ആർ. കൃഷ്ണനെഴത്തച്ഛൻ: താഴെപറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവണ്മെണ്ടു് സദയം മറുപടി പറയുമോ.—

(എ) ചേർപ്പിൽ ഒരു ആസ്പത്രി ഏർപ്പെടുത്തുവാൻ ഗവണ്മെണ്ടു് തീരുമാനിക്കുകയുണ്ടായോ;

(ബി) ഉവ്വു് എങ്കിൽ എന്നാണു് തീരുമാനം ഉണ്ടായതു്;

(സി) അതു് നടപ്പിലാക്കുവാനുള്ള എന്തെല്ലാം നടപടികളാണു് ഇതുവരെയായി എടുത്തിട്ടുള്ളതു്?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: (എ) ഉവ്വു്.

(ബി) ൧൯൪൮-ൽ.

(സി) ഗവണ്മെണ്ടു് ഒരു വൈദ്യസഹായ വിപുലീകരണ പദ്ധതി തയ്യാറാക്കിവരുന്നുണ്ടു്. ചേർപ്പിൽ ഒരു ഡിസ്പെൻസറി തുടങ്ങേണ്ടകാര്യവും അതിനുവേണ്ട തുകയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടു്.

KOLE CULTIVATORS—GRIEVANCES OF

133. Mr. M. O. Thomakutty *(Commerce and Industry)*: Will Government be pleased to state.—

(a) has the attention of the Government been drawn to the article under the heading "കോൾകൃഷിക്കാരുടെ ആവശ്യം" appearing in the "Gomathi" dated 27th Chingam 1123;

(b) if so, what action has been taken by the Government to redress the grievances referred to?

Rao Bahadur T. K. Nayar *(Prime Minister)*:

(a) Yes.

(b) Investigations are being made and action is being taken to do what best the Government can for supplying electric power during the pumping seasons in 1124. Dearth of materials make it impossible to do anything this year.

STAFF SELECTION BOARD—ABOLITION OF

134. മിസ്റ്റർ പി. വി. സെബാസ്റ്റ്യൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവണ്മെണ്ടു് സദയം മറുപടി പറയുമോ.—

(എ) സ്റ്റാഫ് സെലക്ഷൻബോർഡ് എന്നാണു് നിറുത്തലാക്കിയതു്;

(ബി) സ്റ്റാഫ്സെലക്ഷൻബോർഡ് നടത്തിവന്ന നിയമനങ്ങൾ നടത്തുവാൻ സപ്ലീസ് കമ്മീഷനെ ഏല്പിച്ചതു് എന്നാണു്;

(സി) ഈ തീയ്യതികൾക്കിടയിലുള്ള കാലത്തു് ഒഴിവുവന്ന ഉദ്യോഗങ്ങളിൽ നിയമനങ്ങൾ ആർ എന്തു വ്യവസ്ഥയിന്മേൽ നടത്തി?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ:

(എ) ൧൯൪൭ ആഗസ്റ്റ് ൨൫-ാംനു.

(ബി) ൧൯൪൭ സെപ്തമ്പർ ൧൫-ാംനു.

(സി) ഈ തീയ്യതികൾക്കു് ഇടയിലുള്ള കാലങ്ങളിൽ നിയമനങ്ങൾ നടത്തുകയുണ്ടായില്ല.

LIBRARY ARCHIVES Kerala Legislative Assembly